# കേരള സർവകലാശാല

നം.പി.ആർ.190/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### തീയതി നീട്ടി

ബി.ടെക് ഡിഗ്രി കോഴ്സിന് 2011 & 2012 അഡ്മിഷൻ നേടി പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സെഷണൽ മാർക്ക് മെച്ചപ്പെടുത്തുവാൻ (2011 – I, II, III & IV ഉം 2012 – $S_3$, $S_5$ & $S_7$ ) അപേക്ഷ നൽകുവാനുള്ള തീയതി സെപ്റ്റംബർ 5 വരെ നീട്ടിയിരിക്കുന്നു. അപേക്ഷാഫോമും വിശദവിവരങ്ങളും വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2018 ഒക്ടോബർ 30 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് (ദ്വിവർഷ പ്രോഗ്രാം 2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 26 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും ഫീസ് അടയ്ക്കാം.

### പരീക്ഷാഫലങ്ങൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 19 വരെ അപേക്ഷിക്കാം.

മേയ് 2018 ൽ നടത്തിയ ബി.ടെക് 2013 സ്കീം എട്ടാം സെമസ്റ്റർ റെഗുലർ & സെഷണൽ ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 19 വരെ അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 മേയിൽ നടന്ന ബി.ടെക് എട്ടാം സെമസ്റ്റർ പാർട്ട് – ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) റെഗുലർ പരീക്ഷാഫലം വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2018 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റും ഐ.ഡി കാർഡുമായി ആഗസ്റ്റ് 23 മുതൽ സെപ്റ്റംബർ 5 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇ.ജെ V (റീവാല്യുവേഷൻ) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

വിദൂര വിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ 5 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ സപ്ലിമെന്ററി പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരം സെന്ററിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അതേ സെന്ററിൽ പരീക്ഷ എഴുതണം. കൊല്ലം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ എസ്.എൻ കോളേജ് കൊല്ലം സെന്ററിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അതേ സെന്ററിൽ പരീക്ഷ എഴുതണം. ആലപ്പുഴ പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ എസ്.ഡി കോളേജ് ആലപ്പുഴ സെന്ററിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അതേ സെന്ററിൽ പരീക്ഷ എഴുതണം. ഓൺലൈൻ ആയി അപേക്ഷിച്ച വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി അതാത് സെന്ററിൽ പരീക്ഷയ്ക്ക് ഹാജരാകണം.

## തിരുത്തലിന് അവസരം

സി.എസ്.എസ് മേയ് 2018-ൽ പി.ജി. പഠനവകുപ്പുകളിലേക്ക് നടത്തിയ പ്രവേശനപരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അവരവരുടെ ബിരുദതല പരീക്ഷയുടെ മാർക്കുകൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് രേഖപ്പെടുത്തിയതിൽ തിരുത്തലുകൾ (ആവശ്യമുണ്ടെങ്കിൽ) വരുത്താനായി ആഗസ്റ്റ് 31 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018<br>സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, ഇടഞ്ഞി, പാറശ്ശാല<br>(എയ്ഡഡ്) പുതിയ കോളേജിലേയ്ക്ക് പ്രവേശനം 29.08.2018-ന്

കേരള സർവകലാശാല പുതുതായി അഫിലിയേഷൻ നൽകിയ എയ്ഡഡ് കോളേജായ പാറശ്ശാല, ഇടഞ്ഞി സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജിലെ ബി.എസ്.സി. കെമിസ്ട്രി, ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ബി.കോം ഫിനാൻസ് എന്നീ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 29-ാം തീയതി രാവിലെ 9.00 മണിയ്ക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകേണ്ടതാണ്. . രാവിലെ 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളു.

നിലവിൽ മറ്റ് ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ സീറ്റ് ഉറപ്പായ ശേഷം മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ.

എസ്.സി/എസ്.ടി സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 840/- രൂപയും ജനറൽ, മറ്റു സംവരണ വിഭാഗത്തിന് 1525/- രൂപയുമാണ് സർവകലാശാല ഫീസ്

പുതുതായി രജിസ്റ്റർ ചെയ്യുന്നവർ രജിസ്ട്രേഷൻ ഫീസായ 350/- രൂപ (എസ്.സി/എസ്.ടി വിഭാഗം 150/- രൂപ) അടയ്ക്കണം.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
21.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**